ഉപയോഗിക്കപ്പെടാത്ത ധാരാളം സ്ഥലമുണ്ട്; ആ സ്ഥലത്തുനിന്നും 10 ഏക്കർ സ്ഥലം ഏറ്റെടുത്തുവാങ്ങി എം. ആർ. എസ്.-ന് കെട്ടിടം പണിയുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് കൊടുത്തിരുന്നതെങ്കിലും വന്നത് വകുപ്പുമന്ത്രിക്കാണ്. എന്റെ നിയോജകമണ്ഡലത്തിൽ നൂറുകണക്കിന് പട്ടികജാതി കോളനികളും അതുപോലെ നാലു സെന്റ് കോളനികളും ആയിരക്കണക്കിന് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളും തിങ്ങിത്താമസിക്കുന്നുണ്ട്. അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുകൂടി ഗുണകരമാകുന്ന രൂപത്തിൽ എം. ആർ. എസ്.-ന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനായി സ്ഥലം ഏറ്റെടുക്കാനാവശ്യമായ സത്വര നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കോഴിക്കോട് അനുവദിച്ച മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ഈ വകുപ്പ് വക ട്രെയിനിംഗ് സെന്ററിന് വേണ്ടി പണിത കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രസ്തുത സ്കൂളിന് 10 ഏക്കർ സ്ഥലമാണ് ആവശ്യമുള്ളത്. കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിൽ സംസ്ഥാന ഗവൺമെന്റ് തന്നെ 10 ഏക്കർ ഭൂമി അതിനുവേണ്ടി അനുവദിച്ചിരുന്നു. പക്ഷേ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുള്ളതുകൊണ്ട് ആ സ്ഥലം വകുപ്പിന് ഇതുവരെ കൈമാറാം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എം. എൽ. എ. ഇവിടെ സൂചിപ്പിച്ച പ്രകാരം, സെൻട്രൽ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജുമെന്റിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി വിട്ടുകിട്ടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥലത്ത് ഡബ്ല്യൂ. ആർ. ഡി. എം.-ന്റെ തന്നെ പ്രത്യേക പദ്ധതികൾ ഉണ്ടെന്നുള്ളതുകൊണ്ട് അത് വിട്ടുകിട്ടാനുള്ള പ്രയാസം അവർ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ബഹുമാനപ്പെട്ട എം. എൽ. എ. സൂചിപ്പിച്ച പ്രകാരം 10 ഏക്കർ ഭൂമി അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉള്ള പ്രദേശത്തു നിന്ന് കിട്ടുവാനുള്ള സൗകര്യം ചെയ്തു തരുന്നപക്ഷം എം.ആർ. എസ്. സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകും.

(8) വെമ്പായം-പുല്ലമ്പാറ-പനവൂർ കുടിവെള്ള പദ്ധതി

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: എന്റെ നിയോജകമണ്ഡലത്തിൽ 1992-93-ൽ അനുമതി ലഭിക്കുകയും 1998-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത വെമ്പായം-പനവൂർ-പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. 1998-ൽ പദ്ധതിയുടെ നിർമ്മാണ തുടങ്ങിയ ശേഷം കല്ലറ-പാങ്ങോട് പദ്ധതിയുമായി ഇതിനെ സംയോജിപ്പിച്ചു. രണ്ട് പദ്ധതികൾക്കും വേണ്ടിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും വെല്ലിന്റേയും ടാങ്കുകളുടേയും പണി പൂർത്തിയായി. ഇനി അരുവിപ്പുറത്തുനിന്നും തെങ്ങുംകോട് വരെയുള്ള പമ്പിംഗ് മെയിൻ പണി നടത്തേണ്ടതുണ്ട്. തെങ്ങുംകോടിൽ നിന്നും പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണത്തിന് വേണ്ട അഞ്ചര കിലോമീറ്റർ ദൂരം വരുന്ന പൈപ്പ് ലൈനിന്റെ പണി നടക്കണം. ആലുംമൂക്കിലുള്ള 3.97 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ജല

LIBRARY ARCHIVES Kerala Legislative Assembly

സംഭരണിയുടേയും പണി നടത്താനുണ്ട്. 1981-ലെ എസ്റ്റിമേറനു സരിച്ചാണ് പണി ആരംഭിച്ചത്. പണി പൂർത്തിയാക്കാനുള്ള റിവൈസ്ഡ് എസ്റ്റിമേറ് കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകി 7 വർഷമായി തുടങ്ങിയ പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? അങ്ങ് ഇക്കാര്യത്തിൽ താൽപ്പര്യപൂർവ്വം ഒരു ഉന്നതതല യോഗം വിളിച്ചിരുന്നു. അതിനുശേഷം ഒരു പുരോഗതിയുമുണ്ടായിട്ടില്ല. ഒന്നുകൂടി ഒരു ഉന്നതതല യോഗം വിളിച്ചു ചേർത്ത് പണി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 1992-93 വർഷത്തിലാണ് ഈ പദ്ധതിക്ക് അനുമതി കൊടുത്തത്. അങ്ങ് പറഞ്ഞതുപോലെ പണി ആരംഭിച്ചത് 1998-ലാണ്. 85% പണി നടന്നിട്ടുണ്ട്. അങ്ങ് കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഉന്നതതല യോഗം വിളിച്ചത്. ആ യോഗം വിളിച്ചതിനു ശേഷം അന്നുണ്ടായിരുന്ന പ്രധാനപ്പെട്ട ആവശ്യം റാ വാട്ടർ പമ്പിംഗ് മെയിനിനുള്ള 4610 മീറർ ഇടാനുള്ള പ്രവൃത്തി റീടെണ്ടർ ചെയ്യണം എന്നുള്ളതായിരുന്നു. അത് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്, അതുകൊണ്ട് ആ യോഗം കൂടിയതുകൊണ്ട് ഒരു സ്റ്റെപ്പ് മുമ്പോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഈ പദ്ധതി പൂർത്തിയാക്കണമെങ്കിൽ 8 കോടി രൂപ കണ്ടെത്തണം. ഇപ്പോഴും കേരളാ വാട്ടർ അതോറിറ്റി സാമ്പത്തിക ബുദ്ധിമുട്ടിന്റെ മദ്ധ്യത്തിൽ നിൽക്കുകയാണ്. ഉന്നതതല യോഗം വിളിച്ചുകൂട്ടിയപ്പോഴും ഉണ്ടായ തീരുമാനത്തിന്റെ മുകളിൽ എടുത്ത നടപടി ഒരു സ്റ്റെപ് മുമ്പോട്ട് പോയതുപോലെ, ബാക്കി നടപടികളും കൃത്യമായി നടത്തുന്നതിന് വേണ്ടി കേരളാ വാട്ടർ അതോറിറ്റിയുടെ ധനസ്ഥിതിക്ക് വിധേയമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് പരിഗണന

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി ചെയർമാനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VI. ക്രമപ്രശ്നം

ഒരംഗത്തിന് പരമാവധി അവതരിപ്പിക്കാവുന്ന അനൗദ്യോഗിക ബില്ലുകളുടെ എണ്ണത്തിൽ നിയന്ത്രണം വേണമെന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. വളരെ അപൂർവ്വമായിട്ടാണ് വെള്ളിയാഴ്ചകളിൽ അംഗങ്ങൾക്ക് സ്വകാര്യ ബില്ലുകളോ പ്രമേയങ്ങളോ അവതരിപ്പിക്കാനുള്ള സൗകര്യം കിട്ടുന്നത്, അത് നറുക്കിട്ട് കിട്ടുന്ന സൗകര്യവുമാണ്. വെള്ളിയാഴ്ചകളിൽ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിൽ വരുന്ന സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly